പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം<br>നം. 220 | 18.02.2016 ൽ മറുപടി<br>നല്കേണ്ടത്. |

**ആശുപത്രി ഉപകരണങ്ങൾക്ക് ക്ഷാമം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീമതി. ഇ. എസ്. ബിജിമോൾ**<br>**ശ്രീ.സി.ദിവാകരൻ**<br>**,, കെ.രാജു**<br>**,, ഇ.കെ.വിജയൻ** | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് വിവിധ ആശുപത്രി കളിൽ സ്ട്രെക്ചർ, വീൽചെയർ, ഡ്രിപ്പ് സ്റ്റാന്റ്, ബെഡ് തുടങ്ങിയവയ്ക്ക് ക്ഷാമം നേരിടുന്നുണ്ടോ, ഉണ്ടെങ്കിൽ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ ഇത്തരത്തിൽ ക്ഷാമം നേരിടുന്ന ആശുപത്രികളുടെ വിശദാംശം ലഭ്യമാക്കുമോ; | എ) | തിരുവനന്തപുരം, കോഴിക്കോട്, മഞ്ചേരി, ആലപ്പുഴ, തൃശ്ശൂർ എന്നീ മെഡിക്കൽ കോളേജുകളിൽ സ്ട്രെക്ചർ, വീൽചെയർ, ഡ്രിപ്പ് സ്റ്റാന്റ്, ബെഡ് തുടങ്ങിയവയ്ക്ക് ക്ഷാമം നേരിടുന്നില്ല. എന്നാൽ കോട്ടയം മെഡിക്കൽ കോളേജിലും, അനുബന്ധ ആശുപത്രികളിലും രോഗികളുടെ ബാഹുല്യത്തിനനുസരിച്ച് ഇവ ലഭ്യമാക്കാൻ സാധിക്കുന്നില്ല. |
| ബി) | ആശുപത്രി ഉപകരണങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗപ്രദമാക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | ബി) | ഉണ്ട്. മെഡിക്കൽ കോളേജുകളോടനുബന്ധിച്ചുള്ളവർക്ക് ഷോപ്പുകളിൽ ആശുപത്രി ഉപകരണങ്ങൾ നന്നാക്കിവരുന്നു. കൂടാതെ ബയോമെഡിക്കൽ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റും അറ്റകുറ്റപ്പണികൾ നടത്തുന്നുണ്ട്. |
| സി) | മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിലെ അത്യാഹിത വിഭാഗങ്ങളിൽ ഇത്തരത്തിൽ ഉപകരണങ്ങൾക്ക് ക്ഷാമം അനുഭവപ്പെടുന്നത് പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | സി) | ഇത്തരം ഉപകരണങ്ങളുടെ ക്ഷാമം അത്യാഹിത വിഭാഗത്തിൽ അനുഭവപ്പെടുന്നതായി പരാതി ലഭിച്ചിട്ടില്ല. HDC മുഖേനയും, സന്നദ്ധ സംഘടനകൾ വഴിയും അവശ്യ ഉപകരണങ്ങൾ മെഡിക്കൽ കോളേജ് ആശുപത്രികളിൽ വാങ്ങാറുണ്ട്. |

സെക്ഷൻ ഓഫീസർ